പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.619 28.02.2017 ൽ മറുപടിയ്ക്ക്

## സ്റ്റേഡിയം നിർമ്മാണ പ്രവർത്തനങ്ങൾ

ചോദ്യം

ശ്രീ.വി.അബ്ദുറഹിമാൻ

ഉത്തരം

ശ്രീ.എ.സി.മൊയ്തീൻ

(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | സ്റ്റേഡിയങ്ങളുടെ അപര്യാപ്തതയും പരിശീലന കേന്ദ്രങ്ങളുടെ കുറവും മൂലം കായിക കേരളത്തിന് വളരാനാവാത്ത സാഹചര്യം നിലവിലുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | കായിക പരിശീലനത്തിനായി എന്തൊക്കെ പദ്ധതികളാണ് പുതിയതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ; | ബി) | 8.7.2016 ൽ ബഹു.ധനകാര്യ വകുപ്പ് മന്ത്രി പുതുക്കിയ ബഡ്ജറ്റ് അവതരിപ്പിച്ചു കൊണ്ട് നടത്തിയ ബഡ്ജറ്റ് പ്രസംഗത്തിൽ സംസ്ഥാനത്ത് കായിക വികസനത്തിനായി എല്ലാ പഞ്ചായത്തിലും ഒരു കളിക്കളം തയ്യാറാക്കുന്നതിനുള്ള വിശദമായ ഡി.പി.ആർ സ്പോർട്സ് വകുപ്പ് തയ്യാറാക്കി ഘട്ടംഘട്ടമായി നടപ്പിലാക്കുമെന്നും തുടക്കമെന്ന നിലയിൽ 25 കേന്ദ്രങ്ങളിൽ മിനിസ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിന് 135 കോടി രൂപയും 14 ജില്ലകളിലും ഓരോ മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിന് 500 കോടി രൂപയും പ്രത്യേക നിക്ഷേപ പദ്ധതിയിൽ (KIIFB) നിന്നും കണ്ടെത്തുന്നതാണെന്നും പ്രഖ്യാപിച്ചിരുന്നു. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ 6 സ്റ്റേഡിയം/സ്പോർട്സ് കോംപ്ലക്സ്, 18 കേന്ദ്രങ്ങളിൽ മിനിസ്റ്റേഡിയങ്ങൾ/ കളിസ്ഥലങ്ങൾ, 6 സ്പോർട്സ് ഇൻഫ്രാസ്ട്രക്ചർ പദ്ധതികൾ എന്നിവയ്ക്ക് ഭരണാനുമതിയും നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | എല്ലാ വിദ്യാലയങ്ങളിലും കളിസ്ഥലം ഉണ്ടെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ ; | സി) | പരിശോധിക്കാവുന്നതാണ്. |
| ഡി) | ഓരോ പഞ്ചായത്തിലും മിനിസ്റ്റേഡിയങ്ങൾ നിർമ്മിക്കാനും പരിപാലിക്കാനുമുള്ള നടപടികൾ സ്വീകരിക്കുമോ ? | ഡി) | എല്ലാ പഞ്ചായത്തുകളിലും മിനിസ്റ്റേഡിയം നിർമ്മിക്കുന്നതിന്റെ ആദ്യപടിയായി 5 കോടി രൂപ നിരക്കിൽ 23 പഞ്ചായത്തുകളിലും 10 കോടി രൂപ നിരക്കിൽ 2 പഞ്ചായത്തുകളിലും സ്റ്റേഡിയം നിർമ്മിക്കുന്നതിനായി ആകെ 135 കോടി രൂപ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആദ്യഘട്ടമെന്ന നിലയിൽ 18 പഞ്ചായത്തുകളിൽ 100 കോടി രൂപയ്ക്ക് സ.ഉ (സാധാ) നം.33/2017/കാ.യു.വ തീയതി 13.02.2017 പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ